## 949

1 വേഗം വരുന്നിതാ ഞാൻ അതേവേഗം വരുന്നിതാ ഞാൻ
ആമേൻ കർത്താവാമേശുവേ നീ വേഗം വരേണമേ

2 ഹാ! ഹാ! സഹോദരരൊരുമിച്ചു പാടിപ്പുകഴ്ത്തിടുവിൻ
ജേ! ജേ! ജയധ്വനി യേശുരാജാവിന്നു വാനിൽ മുഴങ്ങിടട്ടെ-

3 ശാപം മരണം ദുഃഖവും വിലാപവുമില്ലിനി
ക്രിസ്തേശുവോടുകൂടെ രാജാക്കളായ് വാഴും നാമെന്നുമെന്നും-

4 കാണും മുഖാമുഖം നാമിനി പ്രാണേശനേശുവിനെ
കണ്ണീരെല്ലാമന്നൻപെഴുമേശുവിൻ കൈകൾ തുടച്ചിടുമേ-

5 ഹല്ലേലുയ്യാ ജയം ഹാ ജയം ഹല്ലേലുയ്യാ ജയമേ!
ഹല്ലേലുയ്യാ രാജാധിരാജാവിനു ഹല്ലേലുയ്യാ ജയമേ!- **M.E.C.**